പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4452 — 28.6.2012 ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിന്റെ പരിഷ്കരണം

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.കെ.ശിവദാസൻ നായർ :
ശ്രീ.സണ്ണി ജോസഫ് :

**ഉത്തരം**

ശ്രീ.അനൂപ് ജേക്കബ്ബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(എ) 1. ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുന്നതിന് വേണ്ടി, സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ കേന്ദ്രീകൃത സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

2. വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിനായി ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാനും ആലോചിക്കുന്നു.

3. സബ് രജിസ്ട്രാർ ഓഫീസുകളിൽ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്തു കൊണ്ട് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

4. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി, 1980 മുതൽ 1990 വരെയുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ബി) ഇതിനുവേണ്ടി ഉപയോഗിക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ പരിഷ്കരിച്ച് കൂടുതൽ സൗകര്യപ്രദമാ

(ബി) നിലവിൽ ഉപയോഗിച്ചു വരുന്ന ' പേൾ ' എന്ന സോഫ്റ്റ് വെയർ പരിഷ്കരിച്ച് കൊണ്ട്, കേന്ദ്രീകൃത സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള

| | |
|---|---|
| ക്കുന്ന കാര്യം പരിഗണിക്കുമോ ; | പദ്ധതിയുടെ പരീക്ഷണ പരിപാടി, തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ വിജയകരമായി പരീക്ഷിച്ചു. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി). 1. പരിഷ്കരിച്ച സോഫ്റ്റ് വെയർ സംവിധാനത്തിന്റെ പരീക്ഷണ പരിപാടിക്ക് തുടക്കം കുറിച്ചു.<br>2. ആധാര വാല്യങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പരീക്ഷണ പരിപാടിക്ക് തുടക്കം കുറിച്ചു.<br>3. 1980 മുതലുള്ള ആധാര വിവരങ്ങളുടെ ഡാറ്റാ ഫീഡിംഗ് ജോലികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ